# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.7997 | 24.07.2012 ൽ മറുപടിയ്ക്ക്

**<u>പ്രായപരിധിയിൽ താഴെയുള്ള വിദ്യാർത്ഥികൾ ഇരുചക്ര മോട്ടോർ വാഹനങ്ങൾ ഓടിച്ചുപോകുന്നത് തടയാൻ നടപടി</u>**

| ചോദ്യം<br>ശ്രീ. എം. വി. ശ്രേയാംസ് കുമാർ | | ഉത്തരം<br>ശ്രീ. ആര്യാടൻ മുഹമ്മദ്<br>ഊർജ്ജവും ഗതാഗതവും വകുപ്പ മന്ത്രി |
|---|---|---|
| (എ) സംസ്ഥാനത്ത് മോട്ടോർ വാഹന ലൈസൻസ് എടുക്കുന്നതിനുള്ള പ്രായപരിധി എത്രയെന്ന് പറയുമോ; | (എ) | മോട്ടോർ വാഹന ലൈസൻസ് എടുക്കുന്നതിനുള്ള കുറഞ്ഞ പ്രായപരിധി ഗിയർ ഉള്ള വാഹനത്തിന് 18 വയസ്സും ഗിയർ ഇല്ലാത്ത വാഹനത്തിന് (50 സി.സി.ക്ക് താഴെ) 16 വയസ്സുമാണ്. |
| (ബി) പ്രസ്തുത പ്രായപരിധിയിൽ താഴെയുള്ള വിദ്യാർത്ഥികൾ ഇരു ചക്രവാഹനങ്ങൾ പൊതു നിരത്തിലൂടെ ഓടിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) കഴിഞ്ഞ പത്തു വർഷങ്ങളിലായി ഇത്തരത്തിൽ ഡ്രൈവ് ചെയ്ത എത്ര വാഹനങ്ങൾ അപകടത്തിൽ പ്പെട്ടിട്ടുണ്ടെന്നും അതിൽ എത്ര പേർ മരണപ്പെട്ടിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ; | (സി) | ഈ കാലയളവിൽ 187 വാഹനങ്ങൾ അപകടത്തിൽപ്പെടുകയും അതിൽ 51 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ഡി) എങ്കിൽ പൊതുനിരത്തിലൂടെ ഇത്തരത്തിൽ വാഹനങ്ങൾ ഓടിക്കുന്നത് നിരോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഇത്തരത്തിൽ വാഹനമോടിക്കുന്നവർക്കെതിരെ വാഹനപരിശോധനയിലൂടെ പോലീസും മോട്ടോർ വാഹന വകുപ്പ് ഉദ്യോഗസ്ഥരും നിയമാനുസൃതമായ ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. നിരന്തരമായ ബോധവത്കരണ പരിപാടികളിലൂടെ ഇത്തരക്കാർ വാഹനമോടിക്കുന്നതിനുള്ള പ്രവണത ഇല്ലാതാക്കുവാനുള്ള നടപടികൾ മോട്ടോർ വാഹന വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

| ജില്ല | അപകടത്തിൽപ്പെട്ട വാഹനങ്ങളുടെ എണ്ണം | മരണപ്പെട്ടവർ |
|---|---|---|
| തിരുവനന്തപുരം സിറ്റി | 5 | 1 |
| തിരുവനന്തപുരം റൂറൽ | 0 | 0 |
| കൊല്ലം സിറ്റി | 7 | 2 |
| കൊല്ലം റൂറൽ | 4 | 2 |
| പത്തനംതിട്ട | 2 | 0 |
| ആലപ്പുഴ | 1 | 0 |
| കോട്ടയം | 11 | 6 |
| ഇടുക്കി | 7 | 0 |
| എറണാകുളം സിറ്റി | 4 | 3 |
| എറണാകുളം റൂറൽ | 22 | 8 |
| തൃശ്ശൂർ സിറ്റി | 3 | 3 |
| തൃശ്ശൂർ റൂറൽ | 2 | 2 |
| പാലക്കാട് | 29 | 1 |
| മലപ്പുറം | 24 | 6 |
| കോഴിക്കോട് സിറ്റി | 36 | 6 |
| കോഴിക്കോട് റൂറൽ | 4 | 1 |
| വയനാട് | 2 | 1 |
| കണ്ണൂർ | 20 | 6 |
| കാസർഗോഡ് | 4 | 3 |
| ആകെ | 187 | 51 |

സെക്ഷൻ ഓഫീസർ